# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3081** 07.02.2018 -ലെ മറുപടിയ്ക്ക്

**ബി.എ./ബി.കോം (ഓപ്പൺ സ്കീം) ഡിഗ്രി കോഴ്സുകൾ**

ചോദ്യം

ശ്രീ.കെ. വി. അബ്ദുൾ ഖാദർ :

ഉത്തരം

പ്രൊഫ. സി രവീന്ദ്രനാഥ്
(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന ബി.എ./ബി.കോം (ഓപ്പൺ സ്കീം) ഡിഗ്രി കോഴ്സുകൾക്ക് സംസ്ഥാനത്തെ മറ്റു സർവ്വകലാശാലകളിലെ ഡിഗ്രി കോഴ്സുകൾക്ക് സമാനമായ അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) | ഓപ്പൺ ബിരുദത്തിന്റെ തുല്യത സംബന്ധിച്ചുള്ള തീരുമാനം അതത് സർവ്വകലാശാലകളാണ് കൈക്കൊള്ളുന്നത്. |
| (ബി) | എസ്.ഡി.ഇ-ഓപ്പൺ എൻട്രൻസ് പരീക്ഷ പാസ്സാവുകയും ബിരുദ പഠനത്തിന് അപേക്ഷിക്കുകയും ചെയ്തവരുടെ രജിസ്ട്രേഷൻ എത്ര വർഷം വരെ നിലനിർത്തിയിട്ടുണ്ട്; | (ബി) | യു.ജി.സി. നിയമം അനുസരിച്ച് ഒരു ബിരുദം പൂർത്തിയാക്കുന്നതിന് അനുവദിക്കാവുന്ന പരമാവധി കാലാവധി 6 വർഷം ആയി നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | രജിസ്ട്രേഷൻ നേടി പരീക്ഷാ ഫീസടക്കുകയും പരീക്ഷ എഴുതാൻ സാധിക്കാതെ വരുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് എല്ലാ സെമസ്റ്ററുകളുടെയും ഫീസ് ഒരുമിച്ച് അടച്ച് മുഴുവൻ പരീക്ഷകളും ഒന്നിച്ച് എഴുതുന്നതിന് അവസരം നൽകാറുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഇല്ല.<br>യഥാസമയം പരീക്ഷ എഴുതാൻ സാധിക്കാതെ വന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് അതത് സെമസ്റ്ററുകളുടെ സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് അപേക്ഷിച്ച് പരീക്ഷ എഴുതാവുന്നതാണ്. |

സെക്ഷൻ ഓഫീസർ